ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.11.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) **ഝാർഖണ്ഡിൽ ജെ.എം.എം നേതാവ് ഹേമന്ദ് സൊരേൻ ഇന്ന് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യും. മഹാരാഷ്ട്രയിൽ സർക്കാർ രൂപീകരണത്തിനുള്ള ചർച്ചകൾ സജീവം. വയനാട് ലോക് സഭാ എം.പി യായി പ്രിയങ്കാ ഗാന്ധിയുടെ സത്യപ്രതിജ്ഞ ഇന്ന്.**

   **JMM leader Hemant Soren to take oath as Chief Minister of Jharkhand today. Hectic parleys on for Government formation in Maharashtra. Priyanka Gandhi to take oath as Wayanad Lok Sabha MP today.**

2) **രാജ്യത്തെ ശൈശവ വിവാഹ വിമുക്തമാക്കുന്നതിനായി ബാൽ വിവാഹ് മുക്ത് ഭാരത് ക്യാമ്പെയിനിന് തുടക്കം കുറിച്ച് കേന്ദ്രസർക്കാർ.**

   **Central Government to launch National Campaign to make country a child marriage free nation.**

3) **നടപ്പുസാമ്പത്തിക വർഷം ഇന്ത്യ-ഫ്രാൻസ് ഉഭയകക്ഷി വ്യാപാരം 15 ബില്യൺ ഡോളറിലെത്തിയതായി കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ.**

   **Union Minister Piyush Goyal said that India-France bilateral trade has reached 15 billion dollar in the current financial year.**

4) **ഗസ്സയിൽ വെടിനിർത്തലിന് വേണ്ടി തുർക്കിയെ, ഈജിപ്റ്റ്, ഖത്തർ, ഇസ്രായേൽ എന്നീ പ്രാദേശിക ശക്തികളുമായി യോജിച്ചു പ്രവർത്തിക്കുമെന്ന് യു.എസ് പ്രസിഡന്റ് ജോ ബൈഡൻ.**

   **US President Joe Biden said, he would work in harmony with regional powers such as Qatar, Israel, Turkey, Egypt for ceasefire in Gaza.**

5) **തമിഴ്നാട്, പുതുച്ചേരി, ആന്ധ്രാപ്രദേശ് തീരങ്ങളിൽ ശനിയാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്നും നാളെയും കേരളതീരത്ത് മത്സ്യബന്ധനത്തിന് വിലക്ക്.**

**India Meteorological Department has predicted heavy rainfall till Saturday over Tamil Nadu, Puducherry and Andhra Pradesh coasts. Fishing is prohibited on Kerala coast today and tomorrow.**

6) **ഐ.സി.സി പുരുഷ ടെസ്റ്റ് ബൗളർമാരുടെ റാങ്കിംഗിൽ ഒന്നാം സ്ഥാനം തിരിച്ചു പിടിച്ച് ഇന്ത്യൻ പേസ് ബൗളർ ജസ്പ്രീത് ബുംറ.**

**In Cricket, Indian pace bowler Jasprit Bumrah reclaims the number one spot in the ICC rankings.**

**==================================**

## PRESIDENT -TAMILNADU VISIT

നാല് ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു തമിഴ് നാട്ടിൽ. ഇന്ന് ഊട്ടിയിലെ വെല്ലിംഗ്ടണിലെ പ്രതിരോധ സേനാ സ്റ്റാഫ് കോളേജിലെ പരിപാടിയിൽ രാഷ്ട്രപതി പങ്കെടുക്കും. നാളെ നീലഗിരിയിലെ ഗോത്രവിഭാഗങ്ങളുമായി ശ്രീമതി മുർമു സംവദിക്കും. ഇന്നലെ കോയമ്പത്തൂരിലെത്തിയ രാഷ്ട്രപതിയെ തമിഴ്നാട് ഗവർണർ ആർ.എൻ രവി സ്വീകരിച്ചു.

**==================================**

## HEMANT-SWEARING IN CEREMONY

ഝാർഖണ്ഡിൽ, ജെ.എം.എം നേതാവ് ഹേമന്ദ് സൊരേൻ ഇന്ന് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യും. വൈകുന്നേരം 4 മണിക്ക് റാഞ്ചിയിൽ നടക്കുന്ന ചടങ്ങിൽ ഗവർണർ സന്തോഷ് കുമാർ ഗാംഗ്വാർ സത്യവാചകം ചൊല്ലിക്കൊടുക്കും. 81-അംഗ നിയമസഭയിൽ 56 സീറ്റിൽ വിജയം നേടിയാണ് ഹേമന്ദ് സൊരേൻ തുടർഭരണം ഉറപ്പിച്ചത്. പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, ഐ.എൻ.ഡി.ഐ സഖ്യ നേതാക്കൾ തുടങ്ങിയവരെ ചടങ്ങിലേക്ക് ക്ഷണിച്ചിട്ടുണ്ട്.

**==================================**

## MAHARASHTRA GOVT

മഹാരാഷ്ട്രയിൽ സർക്കാർ രൂപീകരണത്തിനുള്ള ചർച്ചകൾ സജീവം. അടുത്ത മുഖ്യമന്ത്രി ആരെന്നത് സംബന്ധിച്ച ബിജെപി കേന്ദ്ര നേതൃത്വത്തിന്റെ തീരുമാനം അംഗീകരിക്കുമെന്ന് മഹാരാഷ്ട്ര കാവൽ മുഖ്യമന്ത്രിയും ശിവസേന നേതാവുമായ ഏകനാഥ് ഷിൻഡെ പറഞ്ഞു. ഏകനാഥ് ഷിൻഡെ, ബിജെപി നേതാവ് ദേവേന്ദ്ര ഫഡ്നാവിസ്, നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടി അധ്യക്ഷൻ അജിത് പവാർ എന്നിവർ സർക്കാർ രൂപീകരണവുമായി ബന്ധപ്പെട്ട അന്തിമ ചർച്ചകൾക്കായി ഇന്ന് ന്യൂഡൽഹിയിലെത്തും.

==================================

## PRIYANKA GANDHI

വയനാട് എം. പി.യായി പ്രിയങ്ക ഗാന്ധി ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ ചേലക്കര നിയോജകമണ്ഡലത്തിൽ നിന്നും വിജയിച്ച യു.ആർ. പ്രദീപ്, പാലക്കാട് നിയോജകമണ്ഡലത്തിൽ നിന്നും വിജയിച്ച രാഹുൽ മാങ്കൂട്ടത്തിൽ എന്നിവരുടെ സത്യപ്രതിജ്ഞ ഡിസംബർ 04-ാം തീയതി നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടക്കും.

==================================

## PM VIKSIT BHARAT

വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗിന്റെ ഭാഗമായ ക്വിസ് മത്സരത്തിൽ പങ്കെടുക്കാൻ യുവജനങ്ങളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി. 15 നും 29 നും ഇടയിൽ പ്രായമുള്ളവർക്ക് ഡിസംബർ അഞ്ച് വരെ നീളുന്ന ഡിജിറ്റൽ ക്വിസിൽ പങ്കെടുത്ത് തുടർ മത്സരങ്ങളിലേക്ക് യോഗ്യത നേടാം. യുവജനങ്ങളുടെ നൂതന ആശയങ്ങൾ ഉന്നത തലങ്ങളിൽ എത്തിക്കുന്നതിനുള്ള അവസരമാണിതെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. നാല് ഘട്ടങ്ങളായാണ് വികസിത് ഭാരത് ചലഞ്ച് സംഘടിപ്പിക്കുന്നത്. വിജയികൾക്ക് പ്രധാനമന്ത്രിയുമായി നേരിട്ട് സംവദിക്കാനും, ഇന്ത്യയുടെ ഭാവിയെക്കുറിച്ച് ആശയങ്ങൾ അവതരിപ്പിക്കാനും അവസരമുണ്ടായിരിക്കും.

==================================

## BAL VIVAH MUKTH BHARAT – (INTRO)

രാജ്യത്തെ ശൈശവ വിവാഹ വിമുക്തമാക്കുന്നതിനായി, **ബാൽ വിവാഹ് മുക്ത് ഭാരത് ക്യാമ്പയിനിന്** തുടക്കം കുറിച്ച് കേന്ദ്രസർക്കാർ. കേന്ദ്ര വനിതാ, ശിശുവികസന മന്ത്രി അന്നപൂർണാ ദേവി ന്യൂഡൽഹിയിൽ ഉദ്ഘാടനം നിർവഹിച്ചു. ശൈശവവിവാഹം, ക്രിമിനൽകുറ്റം എന്നതിലുപരി മനുഷ്യാവകാശ ലംഘനം കൂടിയാണെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

**(VOICE…..)**

രാജ്യത്തെ 130 ജില്ലകളിലാണ് **ബാൽ വിവാഹ് മുക്ത് ഭാരത്** ക്യാമ്പയിൻ നടപ്പാക്കുന്നത്.

==================================

## LS- TUR

കഴിഞ്ഞ മൂന്ന് മാസമായി പയറുവർഗ്ഗങ്ങളായ തുവര, ഉഴുന്ന് എന്നിവയുടെ ചില്ലറ വിൽപന സ്ഥിരമായി തുടരുന്നതായി കേന്ദ്ര സർക്കാർ. കേന്ദ്ര സഹമന്ത്രി ബി എൽ വർമ ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിലാണ് ഇക്കാര്യം അറിയിച്ചത്. ഖാരിഫ് വിളകൾക്ക് അനുകൂലമായ സമയമാണെന്നും ഹ്രസ്വകാല വിളകളുടെ വിളവെടുപ്പ് പൂർത്തിയായിട്ടുണ്ടെന്നും അദ്ദേഹം വിശദീകരിച്ചു. സുഗമമായ വിതരണ ശൃംഖല നിലനിർത്തുന്നതിന് ഈ മേഖലയിലെ മികച്ച പ്രവർത്തനം സഹായകമായിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

==================================

## LS UNRESERVED COACHES

ട്രെയിനുകളിലെ റിസർവ് ചെയ്യാത്ത കമ്പാർട്ടുമെന്റുകൾ നിർത്തലാക്കാൻ റെയിൽവേയ്ക്ക് പദ്ധതിയില്ലെന്ന് സർക്കാർ ലോക്സഭയെ അറിയിച്ചു. എൽഎച്ച്ബി കോച്ചുകളോടെ സർവീസ് നടത്തുന്ന മെയിൽ-എക്സ്പ്രസ് ട്രെയിനുകളിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ 600-ലധികം ജനറൽ ക്ലാസ് കോച്ചുകൾ ഘടിപ്പിച്ചിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് രേഖാമൂലം നൽകിയ മറുപടിയിൽ അറിയിച്ചു.

==================================

## CENTRE- FERTILIZER

ഡി-അമോണിയം ഫോസ്ഫേറ്റ് വളത്തിന്റെ വേഗത്തിലുള്ള വിതരണം ഉറപ്പാക്കുന്നതിനും പ്രാദേശിക ലഭ്യത ഉറപ്പാക്കുന്നതിനും ആവശ്യമായ എല്ലാ നടപടികളും കേന്ദ്രം സ്വീകരിച്ചുവരികയാണെന്ന് രാസവള മന്ത്രാലയം അറിയിച്ചു. സ്ഥിതിഗതികൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാരുകൾ, റെയിൽവേ, വളം കമ്പനികൾ എന്നിവയുമായി ഏകോപിപ്പിച്ച് പ്രവർത്തിച്ചു വരികയാണെന്ന് മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

===================================

## GOYAL-FOREIGN TRADE – (INTRO)

നടപ്പു സാമ്പത്തിക വർഷം ഇന്ത്യ - ഫ്രാൻസ് ഉഭയകക്ഷി വ്യാപാരം 15 ബില്യൺ ഡോളറിലെത്തിയതായി കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ ഏഷ്യാ പസഫിക് മേഖലയിലെ ഫ്രഞ്ച് ഫോറിൻ ട്രേഡ് കമ്മീഷണർമാരുടെ വാർഷിക സമ്മേളനത്തിൽ സംസാരിക്കുക യായിരുന്നു അദ്ദേഹം. കൃഷി, ഭക്ഷ്യ സംസ്കരണം, പുനരുപയോഗ ഊർജം, പ്രതിരോധം, ഡിജിറ്റൽ സാങ്കേതികവിദ്യ, എയ്റോസ്പേസ് തുടങ്ങിയ മേഖലകളിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തണമെന്നും ശ്രീ ഗോയൽ വ്യക്തമാക്കി.

**(VOICE…….)**

ഉഭയകക്ഷി കരാറുകളിലൂടെയുള്ള വ്യാപാര പങ്കാളിത്തം, കാലാവസ്ഥാ വ്യതിയാനം പോലുള്ള ആഗോള വെല്ലുവിളികളെ നേരിടൽ , സാംസ്കാരികവും വിദ്യാഭ്യാസപരവുമായ കൈമാറ്റങ്ങൾ എന്നീ മൂന്ന് മേഖലകളിൽ സഹകരണം ശക്തമാക്കാൻ ഫ്രഞ്ച്, ഏഷ്യ-പസഫിക് പങ്കാളികളോട് കേന്ദ്രമന്ത്രി ആഹ്വാനം ചെയ്തു.

===================================

## US PREZ-CEASEFIRE

ഗസ്സയിൽ വെടിനിർത്തലിന് വേണ്ടി തുർക്കിയെ, ഈജിപ്ത്, ഖത്തർ, ഇസ്രായേൽ എന്നീ പ്രാദേശിക ശക്തികളുമായി യോജിച്ചു പ്രവർത്തിക്കുമെന്ന് യു.എസ് പ്രസിഡന്റ് പറഞ്ഞു. ഏകദേശം 14 മാസത്തെ സംഘർഷം അവസാനിപ്പിച്ച് ഇസ്രായേലും

ഹിസ്ബുള്ളയും തമ്മിൽ ലെബനനിൽ വെടിനിർത്തൽ കരാറിലെത്തിയതിന് തൊട്ടുപിന്നാലെയാണ് ഈ പ്രഖ്യാപനം. മാസങ്ങൾ നീണ്ട ചർച്ചകൾ പരാജയപ്പെട്ടതിനെത്തുടർന്ന് ഗസയിൽ വെടിനിർത്തലിന് വേണ്ടി ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവുമായി ചേർന്ന് ഒരു ശ്രമം കൂടി നടത്താൻ രാജ്യം തയ്യാറാണെന്ന് യു.എസ് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജേക്ക് സള്ളിവൻ അറിയിച്ചു.

==================================

## DEFENCE PARTNERSHIP DAYS

സായുധ സേനയും വ്യവസായമേഖലയും തമ്മിലുള്ള സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനായി **പ്രതിരോധ പങ്കാളിത്ത ദിനങ്ങൾ** എന്ന പേരിൽ ന്യൂഡൽഹിയിൽ പരിപാടി സംഘടിപ്പിക്കും. സർക്കാരും ബിസിനസ്സ് പങ്കാളികളും തമ്മിലുള്ള ബന്ധം പ്രോത്സാഹിപ്പിക്കുക യാണ് രണ്ട് ദിവസം നടക്കുന്ന പരിപാടിയുടെ ലക്ഷ്യം. സാങ്കേതികവിദ്യയും സംഭരണവും കൈകാര്യം ചെയ്യുന്ന മന്ത്രാലയത്തിലെയും സായുധ സേനയിലെയും ഇരുനൂറിലധികം കമ്പനികളും നൂറോളം ഉദ്യോഗസ്ഥരും പരിപാടിയിൽ പങ്കെടുക്കുമെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു.

==================================

## KERALA PENSION

കേരളത്തിൽ സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തില്ല. പെൻഷൻ പ്രായം 60 ആയി ഉയർത്തണമെന്നത് ഉൾപ്പടെയുള്ള നാലാം ഭരണപരിഷ്ക്കാര കമ്മീഷന്റെ ശുപാർശകൾ സംസ്ഥാന മന്ത്രിസഭാ യോഗം ഭേദഗതികളോടെ അംഗീകരിച്ചു. എല്ലാ ജീവനക്കാർക്കും വാർഷിക ആരോഗ്യ പരിശോധന ഏർപ്പെടുത്താനും, വിരമിക്കുന്നതിന് ഒരു മാസം മുമ്പ് ജീവനക്കാരന്റെ പേരിലുള്ള അച്ചടക്ക നടപടികൾ പൂർത്തീകരിക്കാനും മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്.

==================================

**IFFI**

ഗോവയിൽ നടക്കുന്ന 55-ാമത് ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് ഇന്ന് തിരശ്ശീല വീഴും. പൻജിമിലെ കലാ അക്കാദമിയിൽ ഇന്നലെ സംഗീതസംവിധായകൻ എ.ആർ. റഹ്മാൻ, ഇതിഹാസ ഗായിക ലതാ മങ്കേഷ്കറിനെ അനുസ്മരിച്ചു സംഘടിപ്പിച്ച പരിപാടിയിൽ സംസാരിച്ചു. ഈ മാസം 20 ന് ആരംഭിച്ച ചലച്ചിത്രോത്സവത്തിൽ സിനിമാ ആസ്വാദകരുടെ ആവേശകരമായ പങ്കാളിത്തമാണുണ്ടായത്.

==================================

**IMD - CYCLONE**

തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ വടക്കൻ ശ്രീലങ്കൻ തീരത്തിന് സമീപം കേന്ദ്രീകരിച്ചിട്ടുള്ള ന്യൂനമർദത്തിന്റെ ഫലമായി ശനിയാഴ്ച വരെ തമിഴ്നാട്, പുതുച്ചേരി, ആന്ധ്രാപ്രദേശ് തീരങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ന്യൂനമർദ്ദം ചുഴലിക്കാറ്റായി ശക്തി പ്രാപിച്ച് ശനിയാഴ്ച രാവിലെയോടെ വടക്കൻ തമിഴ്നാട് തീരത്ത് എത്തുമെന്നാണ് മുന്നറിയിപ്പ്. അതേസമയം, പുതുച്ചേരിയിലും കാരയ്ക്കലിലും മഴ തുടരുകയാണ്. സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി മുഖ്യമന്ത്രി എൻ.രംഗസാമിയുടെ അധ്യക്ഷതയിൽ അവലോകന യോഗം ചേർന്നു. പ്രതികൂല കാലാവസ്ഥ കണക്കിലെടുത്ത് ഇന്നും നാളെയും കേരള തീരത്ത് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

==================================

**ICC - BUMRAH**

ഐ.സി.സി പുരുഷ ടെസ്റ്റ് ബൗളർമാരുടെ റാങ്കിംഗിൽ ഒന്നാം സ്ഥാനം തിരിച്ചു പിടിച്ച് ഇന്ത്യൻ പേസ് ബൗളർ ജസ്പ്രീത് ബുംറ. ദക്ഷിണാഫ്രിക്കയുടെ കാഗിസോ റബാഡയെ അട്ടിമറിച്ചാണ് ബുംറ ഒന്നാമതെത്തിയത്. പെർത്തിൽ ഓസ്ട്രേലിയയ്ക്കെതിരായ ആദ്യ ടെസ്റ്റിൽ എട്ട് വിക്കറ്റ് വീഴ്ത്തിയ മികച്ച പ്രകടനമാണ് ബുംറയെ മുന്നിലെത്തിച്ചത്.

==================================

## GUKESH - CHESS

സിംഗപ്പൂരിൽ നടക്കുന്ന ലോക ചെസ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ ഗുകേഷ് ദൊമ്മരാജു ചൈനയുടെ ഡിംഗ് ലിറനെ പരാജയപ്പെടുത്തി. ഇതോടെ പരമ്പരയിൽ 1.5 പോയിന്റ് വീതം നേടി ഇരുവരും ഒപ്പത്തിനൊപ്പമെത്തി. ആദ്യ ഗെയിമിൽ പരാജയപ്പെട്ട ഗുകേഷിന് രണ്ടാം മത്സരത്തിൽ സമനില നേടാനായി.

തുടർന്നാണ് മൂന്നാം മത്സരത്തിൽ ഗുകേഷ് ആദ്യ വിജയം സ്വന്തമാക്കുന്നത്.

==================================

## SYED MODI TOURNAMENT

ലഖ്നൗവിൽ നടക്കുന്ന സയ്യിദ് മോദി ഇന്റർനാഷണൽ

ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ പി.വി സിന്ധുവും ലക്ഷ്യ സെന്നും രണ്ടാം റൗണ്ടിൽ കടന്നു. വനിതാ ഡബിൾസ് ജോഡികളായ അശ്വിനി പൊന്നപ്പ-തനിഷ ക്രാസ്റ്റോ, ട്രീസ ജോളി-ഗായത്രി ഗോപിചന്ദ് എന്നിവരും പ്രീ ക്വാർട്ടറിലേക്ക് മുന്നേറി. വനിതാ സിംഗിൾസിന്റെ ആദ്യ റൗണ്ടിൽ പി.വി സിന്ധു അൻമോൾ ഖർബിനെ പരാജയപ്പെടുത്തി. പുരുഷ സിംഗിൾസിൽ മലേഷ്യൻ താരത്തെയാണ് ലക്ഷ്യ സെൻ പരാജയപ്പെടുത്തിയത്.

==================================

## HOCKEY-JN ASIA CUP

ഒമാനിലെ മസ്കറ്റിൽ ഇന്നലെ നടന്ന ജൂനിയർ ഏഷ്യാ കപ്പ് പുരുഷ ഹോക്കിയിൽ എതിരില്ലാത്ത 11 ഗോളിന് ഇന്ത്യ തായ്ലൻഡിനെ പരാജയപ്പെടുത്തി. കളിയുടെ തുടക്കം മുതൽ ഒടുക്കം വരെ ഇന്ത്യ ആധിപത്യം നിലനിർത്തി. അടുത്ത മത്സരത്തിൽ ജപ്പാനാണ് ഇന്ത്യയുടെ എതിരാളി.

==================================

## HUDDLE STARTUP - CM

കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിക്കുന്ന സ്റ്റാർട്ടപ്പ് സമ്മേളനം - ഹഡിൽ **ഗ്ലോബൽ 2024** ന്റെ ആറാം പതിപ്പ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കോവളത്ത് ഉദ്ഘാടനം ചെയ്യും. ഉദ്ഘാടനത്തിന് മുന്നോടിയായി സ്റ്റാർട്ടപ്പ് പ്രതിനിധികളുമായി മുഖ്യമന്ത്രി സംവദിക്കും. കേരളത്തിന്റെ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയുടെ മുന്നേറ്റവും കൂടുതൽ നിക്ഷേപത്തിനും ആഗോള വ്യവസായ പങ്കാളിത്തത്തിനുമുള്ള സാധ്യതകളും മൂന്ന് ദിവസത്തെ സമ്മേളനത്തിൽ ചർച്ചയാകും.

==================================

## DELHI-POLLUTION

ദേശീയ തലസ്ഥാനമായ ഡൽഹിയിൽ വായു ഗുണനിലവാരം മോശം വിഭാഗത്തിൽ തുടരുന്നു. ഇന്ന് രാവിലെ ശരാശരി വായു ഗുണനിലവാര സൂചിക 304 രേഖപ്പെടുത്തി. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ കണക്കനുസരിച്ച് നഗരത്തിലെ ചില പ്രദേശങ്ങളിൽ സൂചിക 350 കടന്നു. ഡൽഹിയിൽ മൂടൽമഞ്ഞ് തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

========

========================

==================================